# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1761 — 14.07.2016 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരമേഖലയിലെ നേട്ടങ്ങൾ

| ചോദ്യം<br>**ശ്രീ.എ.പി.അനിൽകുമാർ**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.എം. വിൻസെന്റ്** | | ഉത്തരം<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | മുൻ സർക്കാരിന്റെ കാലത്ത് വിനോദസഞ്ചാരമേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കുമോ; | എ) | 1. വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിച്ചു<br>2. ടൂറിസത്തിൽ നിന്നുള്ള വരുമാനം 19,037.00 കോടി രൂപ യിൽ നിന്നും 26,689.63 കോടി രൂപ യായി വർദ്ധിച്ചു.<br>3. അന്തർദേശീയ അവാർഡുകൾ നേടി.<br>4. ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ ലോകത്തിന് മാതൃക - UNWTO അവാർഡ്<br>5. മുസിരീസ് പദ്ധതി ഒന്നാംഘട്ടം പൂർത്തിയാക്കി. സ്പൈസ് റൂട്ട് പദ്ധതി ആരംഭിച്ചു.<br>6. മാസ്റ്റർപ്ലാനിലൂടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വികസനം.<br>7. എക്കോ ടൂറിസത്തിന് കേന്ദ്ര സർക്കാരിൽ നിന്നും 100 കോടി രൂപയുടെ സഹായം. ശബരിമല, പത്മനാഭസ്വാമി ക്ഷേത്രം പദ്ധതികൾക്ക് കേന്ദ്ര അനുമതിക്കുള്ള നടപടി. |

ബി) ഇക്കാലത്ത് സംസ്ഥാനത്ത് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ എത്രമാത്രം വർദ്ധനവുണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ബി) വിനോദ സഞ്ചാരികൾ 1,01,14,440 ൽ നിന്ന് 1,34,43,050 ആയി വർദ്ധിച്ചു. എന്നാൽ (2011--2015) വർഷങ്ങളിലെ ടൂറിസ്റ്റുകളുടെ വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുണ്ട്. 2011 ൽ ആകെ വളർച്ചാ നിരക്ക് 9.29% ആയിരുന്നത് 2015 ൽ 6.53% ആയി കുറഞ്ഞിട്ടുണ്ട് അതിൽ വിദേശ ടൂറിസ്റ്റുകളുടെ വളർച്ചാ നിരക്ക് 11.18% ആയിരുന്നത് 5.86% ആയും ആഭ്യന്തര ടൂറിസ്റ്റുകളുടെ വളർച്ചാ നിരക്ക് 9.15% ആയിരുന്നത് 6.59% ആയും കുറഞ്ഞിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Year | 2011 | 2012 | 2013 | 2014 | 2015 |
|---|---|---|---|---|---|
| വിദേശികൾ | 732985 | 793696 | 858143 | 923366 | 977479 |
| സ്വദേശികൾ | 9381455 | 10076854 | 10857811 | 11695411 | 12465571 |
| Total | 10114440 | 10870550 | 11715954 | 12618777 | 13443050 |

സി) ഈ മേഖലയിൽ എത്ര കോടിരൂപയുടെ വരുമാനവർദ്ധന ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ;

സി) ടൂറിസത്തിൽ നിന്നുളള വരുമാനം 19,037.00 കോടി രൂപയിൽ നിന്നും 26,689.63 കോടി രൂപയായി വർദ്ധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദേശ വിനിമയ വരുമാനം (തുക കോടിയിൽ) | തദ്ദേശീയരായ വിനോദസഞ്ചാരികളിൽ നിന്നുമുളള വരുമാനം (തുക കോടയിൽ) | വിനോദസഞ്ചാരത്തിലൂടെ ലഭ്യമായ ആകെ വരുമാനം (പ്രത്യക്ഷവും പരോക്ഷവും) (തുക കോടിയിൽ) | മുൻ വർഷങ്ങളിലെ വ്യതിയാനം ശതമാനത്തിൽ |
|---|---|---|---|---|
| 2011 | 4,221.99 | 10131.97 | 19,037.00 | 9.74 |
| 2012 | 4,571.69 | 10,883.00 | 20,430.00 | 7.32 |
| 2013 | 5,560.77 | 11,726.44 | 22,926.55 | 12.22 |
| 2014 | 6,398.93 | 12,981.91 | 24,885.44 | 8.54 |
| 2015 | 6,949.88 | 13,836.78 | 26,689.63 | 7.25 |

ഡി) ഈ നേട്ടങ്ങൾ കൈവരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ?

ഡി) ടൂറിസം വകുപ്പിന്റെയും വിവിധ സർക്കാർ ഏജൻസികളുടെയും നേതൃത്വത്തിൽ നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങളിലൂടെയാണ് ടൂറിസം രംഗത്തുളള നേട്ടങ്ങൾ സാധ്യമാകുന്നത്.

സെക്ഷൻ ഓഫീസർ